©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ജൂൺ 27<br>27th June 2022<br>1197 മിഥുനം 13<br>13th Mithunam 1197<br>1944 ആഷാഢം 6<br>6th Ashadha 1944 | നമ്പർ<br>No. | **2118** |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.71/2022/TAXES. *Dated, Thiruvananthapuram, 25th June, 2022*

*11th Mithunam, 1197*

**S. R. O. No. 633/2022**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the fee payable under the said Act for the registration of the instrument of conveyance of land to be purchased using the State Disaster Response Fund under the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes and Scheduled Tribes.

By order of the Governor,

Rajesh Kumar Singh IAS

*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The District Collector, Kozhikkode has requested the Government to grant exemption from payment of registration fee required for the registration of the instrument of conveyance of land to be purchased using the State Disaster Response Fund under the Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes and Scheduled Tribe. The Government have decided to allow the request on public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ജൂൺ 27<br>27th June 2022<br>1197 മിഥുനം 13<br>13th Mithunam 1197<br>1944 ആഷാഢം 6<br>6th Ashadha 1944 | നമ്പർ<br>No. | 2119 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.72/2022/TAXES. *Dated, Thiruvananthapuram, 25th June, 2022*
*11th Mithunam, 1197*

**S. R. O. No. 634/2022**

In exercise of the powers conferred by clause (a)of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act for the registration of the instrument of conveyance of land to be purchased using the State Disaster Response

Fund under the Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes and Scheduled Tribes.

By order of the Governor,

Rajesh Kumar Singh IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The District Collector, Kozhikode has requested the Government to grant exemption from stamp duty required for the registration of the instrument of conveyance of land to be purchased using the State Disaster Response Fund under the Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes and Scheduled Tribes. The Government have decided to allow the request on public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ജെ2/72/2022/നി.വ. ഇനം നം: 858

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പേർക്ക് ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും, ഫീസും ഇളവ് നൽകണമെന്ന ഭ്യർത്ഥിച്ച് കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. പൊതുപദ്ധതികളുടെ ഭാഗമായി ഭൂമി രജിസ്ട്രേഷൻ ചെയ്യേണ്ട കാര്യങ്ങളിൽ മുദ്രവിലയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവ് അനുവദിച്ചു നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുന്നതിന് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ നികുതിവകുപ്പിനെ ചുമതലപ്പെടുത്തി.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

-27-

# GOVERNMENT OF KERALA
## (SRI.PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | J2/72/2022/TAX |
| 2 | Department | Taxes (J) Department |
| 3 | Subject | Taxes Department – Registration – Request from the District Collector, Kozhikkode for the exemption from stamp duty and registration fee required for the registration of land purchased using the State Disaster Response Fund under the Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes / Scheduled Tribes - reg. |
| 4 | Date of Chief Minister's order for placing before the Council | 15.06.2022 } Page 11NF Note #24 |
| 5 | (i) Does the case involve financial commitments / implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Department concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Joint Secretary who submitted the Draft Note | Sri.Dileep Kumar.T.I |
| 8 | Name of Additional Chief Secretary who approved the Draft Note | Sri.Rajesh Kumar Singh |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 17/06/2022. |
| 10 | Name of Chief Secretary who approved the Draft Note | Dr.V.P.Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 20/6/2022 |
| 12 | Name of Minister who approved the Draft Note | Sri.V.N.Vasavan |
| 13 | Date of approval of the Draft Note for the Council by the Minister | |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O / Letter communicating the decision. | |

# DRAFT NOTE FOR THE COUNCIL OF MINISTERS.

This note deals with the request from the District Collector, Kozhikkodu for exemption from stamp duty and registration fee required for the registration of land purchased using the State Disaster Response Fund under the Disaster Mitigation Scheme for the landless and homeless people belonging to Scheduled Castes / Scheduled Tribes. P1 cf

2) A team of experts from the Kerala State Disaster Management Authority conducted an inspection at Vilangadu village in Vadakara taluk of Kozhikode district following the landslide in 2019 and recommended the Government to evacuate people from disaster prone areas. Accordingly, 65 families of Aduppil Scheduled Tribe Colony in Vilangadu Village and 29 families of Vendekum Poyil Adivasi Colony in Thamarassery Taluk have been ordered to be rehabilitated. As per G.O (Rt) No.477 / 2020 / DMD dated 25/05/2020, the said families have been allotted Rs. 6 lakhs each for purchase of land and Rs. 4 lakhs each for construction of houses. As there is no concession in the stamp duty and registration fee for the registration of land purchased by Scheduled Castes / Scheduled Tribes under the Disaster Mitigation Scheme, it has been requested to grant exemption from the payment of stamp duty and registration fees for the registration purposes. P1 cf

3) As per G.O (P) No.97 / 97 / TD and G.O (P) No.108/2000/T.D, exemption from stamp duty and registration fee are available only for landless persons belonging to Scheduled Castes / Scheduled Tribes who are being rehabilitated by the Scheduled Castes / Scheduled Tribes Development Department and Local Self Government Institutions. Under the Disaster Mitigation Scheme, there is no concession in stamp duty and registration fee for rehabilitation related document registration for Scheduled Castes/Scheduled Tribes. The Inspector General of registration has reported that the power to remit the Stamp Duty and fees is vested in Government as per Section 9 (1)(a) of the Kerala Stamp Act and Section 78(2) of the Registration Act, 1908, respectively. P5 cf

4)When consulted, the Finance Department has remarked as follows:

"ദുരന്ത പ്രതികരണ നിധി സർക്കാരിന്റെ സഞ്ചിത നിധി അല്ല. SDRF കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ സംഭാവന നൽകി വകയിരുത്തുന്ന ഫണ്ടാണ്. ആയതിനാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിച്ച് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുമ്പോൾ Stamp Duty, Reg Fee എന്നിവയിൽ ഇളവ് നൽകുന്നത് സർക്കാർ വകുപ്പുകൾ നേരിട്ട് നടത്തുന്ന സ്കീമുകൾ വഴി ഭൂമി വാങ്ങി നൽകുന്ന കേസുകൾ പോലെ കണക്കാക്കാനാകില്ല. SDRF ൽ നിന്നും തുക ചെലവഴിച്ച് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുമ്പോൾ Stamp duty, Reg Fee എന്നിവയിൽ ഇളവ് നൽകിയാൽ കേന്ദ്രത്തിൽ നിന്നും 75% പ്രതിപൂരണം ചെയ്ത് ലഭിക്കുന്ന ഒരു പദ്ധതിക്ക് മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നതിനു തുല്യമാക്കുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നു. അതായത് അത്തരം ഒരു ഇളവ് നൽകുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. ആയതിനാൽ ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും, ഫീസും ഇളവ് നൽകണമെന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

P6 nf

5) When the file was submitted for orders as to whether the proposal for exemption from the payments of stamp duty and registration fees required for the registration of land purchased using the Disaster Relief Fund for landless and homeless people belonging to SC/ST community be placed before the cabinet, the Hon'ble Minister (Co-operation & Registration) has suggested as follows:

"ബഹു. ധനകാര്യ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യാവുന്നതാണ്."

P10 nf

6) The Hon'ble . Minister of Finance has suggested as follows.
"ബഹു. മുഖ്യമന്ത്രി കണ്ടാലും"

P10 nf

7) The Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

P11 nf

## POINT FOR DECISION

Whether exemption from Stamp Duty and Registration Fee required for the registration of land purchased using the State Disaster Response Fund under the Disaster Mitigation Scheme for Landless and Homeless people belonging to Scheduled Castes / Scheduled Tribes, be granted?

17/6/22

17/6/22
DS

17.6.22
J.S

20/6/22

858

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ2/72/2022/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പേർക്ക് ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും, ഫീസും ഇളവ് നൽകണമെന്നഭ്യർത്ഥിച്ച് കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.06.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>അതെ. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.ദിലീപ് കുമാർ .റ്റി.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/06/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/06/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21/06/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21/06/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആൾക്കാരുടെ പേർക്ക് ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും, ഫീസും ഇളവ് നൽകണമെന്നഭ്യർത്ഥിച്ച് കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ വിലങ്ങാട് വില്ലേജിൽ 2019 ൽ ഉണ്ടായ ഉരുൾ പൊട്ടലിനെ തുടർന്ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള വിദഗ്ധ സംഘം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദുരന്ത സാധ്യത നിലനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു. ആയത് പ്രകാരം വിലങ്ങാട് വില്ലേജിലെ അടുപ്പിൽ ട്രൈബൽ കോളനിയിലെ 65 കുടുംബങ്ങളെയും താമരശ്ശേരി താലൂക്കിലെ വെണ്ടേക്കും പൊയിൽ ആദിവാസി കോളനിയിലെ 29 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കാൻ ഉത്തരവാകുകയും ഭൂമി വാങ്ങാനായി 6 ലക്ഷം രൂപ വീതവും വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ വീതവും 25/05/2020 തീയതിയിലെ G.O(Rt) No.477/2020/DMD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം പുനരധിവാസവുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ വാങ്ങുന്ന ഭൂമിയുടെ ആധാരങ്ങളുടെ രജിസ്ട്രേഷന് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നിലവിലില്ലാത്തതിനാൽ ഇളവ് അനുവദിച്ച് ഉത്തരവാകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

3) G.O(P) No.97/97/TD, G.O(P) No.108/2000/T.D എന്നീ ഉത്തരവുകൾ പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നതും പുനരധിവാസവുമായി ബന്ധപ്പെട്ടതുമായ വിലയാധാരങ്ങൾക്ക് മാത്രമാണ് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നിലവിലുള്ളത്. ദുരന്ത ലഘൂകരണ പദ്ധതി പ്രകാരമുള്ള

ആധാരങ്ങളുടെ രജിസ്ട്രേഷന് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നിലവിലില്ല. മേൽ സാഹചര്യത്തിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പേർക്ക് പുനരധിവാസത്തിന്റെ ഭാഗമായി വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമായി പൊതുതാത്പര്യാർത്ഥം 1959 ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) (എ) പ്രകാരം മുദ്രവിലയിലും 1908 ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78(2) പ്രകാരം രജിസ്ട്രേഷൻ ഫീസിനത്തിലും ഇളവുകൾ അനുവദിക്കാവുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ദുരന്ത പ്രതികരണ നിധി സർക്കാരിന്റെ സഞ്ചിത നിധി അല്ല. SDRF കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ സംഭാവന നൽകി വകയിരുത്തുന്ന ഫണ്ടാണ് . ആയതിനാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിച്ച് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുമ്പോൾ Stamp Duty, Reg Fee എന്നിവയിൽ ഇളവ് നൽകുന്നത് സർക്കാർ വകുപ്പുകൾ നേരിട്ട് നടത്തുന്ന സ്കീമുകൾ വഴി ഭൂമി വാങ്ങി നൽകുന്ന കേസുകൾ പോലെ കണക്കാക്കാനാകില്ല. SDRF ൽ നിന്നും തുക ചെലവഴിച്ച് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുമ്പോൾ Stamp duty, Reg Fee എന്നിവയിൽ ഇളവ് നൽകിയാൽ കേന്ദ്രത്തിൽ നിന്നും 75% പ്രതിപൂരണം ചെയ്ത് ലഭിക്കുന്ന ഒരു പദ്ധതിക്ക് മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നതിനു തുല്യമാക്കുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നു. അതായത് അത്തരം ഒരു ഇളവ് നൽകുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. ആയതിനാൽ ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും, ഫീസും ഇളവ് നൽകണമെന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പേർക്ക് ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചു വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷനാവശ്യമായ മുദ്രവിലയിലും ഫീസിലും ഇളവുകൾ നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്നുള്ള

ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു:സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ചുവടെചേർക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"ബഹു. ധനകാര്യ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യാവുന്നതാണ്."

6) ബഹു. ധനകാര്യ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"ബഹു. മുഖ്യമന്ത്രി കണ്ടാലും"

7) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആൾക്കാരുടെ പേർക്ക് ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം, ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷനാവശ്യമായ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്ത് നൽകാമോ?